**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 352 — 21.06.2019-ലെ മറുപടിയ്ക്ക്

## കായികോപകരണങ്ങളുടെ നിർമ്മാണകേന്ദ്രം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ഉബൈദുള്ള<br>,, ടി.എ.അഹമ്മദ് കബീർ<br>,, ടി. വി. ഇബ്രാഹിം<br>,, എൻ.ഷംസുദ്ദീൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | വിവിധ കമ്പനികളുടെ കായികോൽപ്പന്നങ്ങളും ഉപകരണങ്ങളും കായികപ്രേമികളെ പരിചയപ്പെടുത്തുന്നതിനായി രാജ്യാന്തര എക്സ്പോ സംഘടിപ്പിച്ചിരുന്നോ; | (എ) & (ബി) | കായിക രംഗത്തെ അത്യാധുനിക സാങ്കേതിക വിദ്യകളും സങ്കേതങ്ങളും കായിക പ്രേമികളെ പരിചയപ്പെടുത്തുന്നതിനായി 2019 മാർച്ച് 7,8,9 തീയതികളിൽ തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് **കേരള സ്പോർട്ടക്സ് 2019** എന്ന പേരിൽ അന്താരാഷ്ട്ര സ്പോർട്സ് എക്സ്പോ നടത്തിയിരുന്നു. കായിക ക്ഷമത, ശാരീരിക ക്ഷമത, വിനോദം എന്നീ മേഖലകളിൽ ഉപയോഗപ്പെടുത്താവുന്ന ആയിരത്തിൽപരം ഉൽപന്നങ്ങളുടെ പ്രദർശനമാണ് എക്സ്പോയിൽ നടന്നത്. പ്രാരംഭ ഘട്ടമെന്ന നിലയിൽ ഉൽപന്നങ്ങളുടെ പ്രദർശനം മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള 44 പ്രമുഖ കായികോപകരണ നിർമ്മാതാക്കൾ/ വിതരണക്കാർ ടി എക്സ്പോയിൽ പങ്കെടുക്കുകയുണ്ടായി.<br>പ്രദർശനത്തിന്റെ ഭാഗമായി കായിക മേഖലയിലൂന്നിയ കായിക അടിസ്ഥാന സൗകര്യങ്ങൾ, ആധുനിക രീതിയിലുള്ള കായിക പരിശീലനം, കായിക മേഖലയിലെ കോർപ്പറേറ്റ് ഫണ്ട് സ്വരൂപിക്കൽ, സ്പോർട്സ് മാർക്കറ്റിംഗ് എന്നീ വിഷയങ്ങളിൽ ഈ രംഗത്തെ പ്രഗത്ഭരായ |
| (ബി) | ഇത് കായിക രംഗത്ത് പ്രവർത്തിക്കുന്നവർക്ക് എത്രമാത്രം പ്രയോജനകരമായിരുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | വ്യക്തികളെ ഉൾപ്പെടുത്തി കോൺഫറൻസുകൾ സംഘടിപ്പിച്ചു. കേരള സ്റ്റേറ്റ് അമേച്ചർ ബോക്സിംഗ് അസോസിയേഷന്റെ ഫൈറ്റ് നൈറ്റ്, കേരള കളരിപ്പയറ്റ് അസോസിയേഷന്റെ കളരിപ്പയറ്റ്, തിരുവനന്തപുരം ബോഡി ബിൽഡിംഗ് അസോസിയേഷന്റെ മിസ്റ്റർ സ്പോർട്സ്, കേരള കരാട്ടെ അസോസിയേഷന്റെ കരാട്ടെ, കേരള ബാസ്കറ്റ് ബോൾ അസോസിയേഷന്റെ സൂപ്പർ ഫിനിഷ്, സ്കൂബ ഡൈവിംഗ്, അണ്ടർ വാട്ടർ ഗെയിംസ് എന്നിവയുടെ അവതരണവും സ്പോർട്സ് എക്സ്പോയോടനുബന്ധിച്ച് നടത്തിയിരുന്നു. മൂന്ന് ദിവസങ്ങളിലുമായി പ്രദർശനം കാണുന്നതിനും കോൺഫറൻസുകളിൽ പങ്കെടുക്കുന്നതിനും ഒട്ടേറെ പേർ എത്തുകയും എക്സിബിഷന്റെ തുടർന്നുള്ള പതിപ്പുകൾ കൂടുതൽ വിപുലമായി സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് അഭിപ്രായപ്പെടുകയുമുണ്ടായി. പ്രസ്തുത എക്സ്പോയിൽ വിൽപ്പന കൂടി സംഘടിപ്പിക്കുകയാണെങ്കിൽ അന്തർ ദേശീയ നിലവാരത്തിലുള്ള കായിക ഉപകരണങ്ങൾ കായിക താരങ്ങൾക്ക് വാങ്ങുന്നതിന് ഉപകാരപ്പെടുന്നതാണ്. തുടർ വർഷങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിൽ വിപുലമായി സ്പോർട്സ് എക്സ്പോ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ആധുനിക കായികോപകരണങ്ങളുടെ നിർമ്മാണകേന്ദ്രം മലബാർ മേഖലയിൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ